(ബി) തോട്ടം തൊഴിലാളികളുടെ വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ :

(സി) ഈ മേഖലയിൽ അനുഭവപ്പെടുന്ന കടുത്ത അനീതികൾ അവസാനിപ്പിക്കുന്നതിന് കാലാനുസൃതമായി ഇവരുടെ വേതനം പുതുക്കി നിശ്ചയിക്കുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ മേഖലയിലെ വേതന വർദ്ധനവ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ത്രികക്ഷി സംവിധാനമായ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലാണ്. 29-8-2008-ൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ റബ്ബർ, തേയില, ഏലം, കാപ്പി എന്നീ മേഖലകൾക്ക് ബാധകമാകുന്ന വിധത്തിൽ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനപ്രകാരം റബ്ബർ മേഖലയ്ക്ക് 1-4-2008 മുതലും തേയില തോട്ടങ്ങൾക്ക് 15-7-2008 മുതലും ഏലം, കാപ്പി തോട്ടങ്ങൾക്ക് 1-7-2008 മുതലും മേൽപ്പറഞ്ഞ ഒത്തുതീർപ്പ് കരാറിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്. 'ടി' തീരുമാനപ്രകാരം കുറഞ്ഞ കൂലി ജി.ഒ.(ആർ.ടി.) 804/2009/തൊഴിൽ തീയതി 12-6-2009 ഉത്തരവ് ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 12-6-2009-ലെ ജി.ഒ.(ആർ.ടി.) 804/2009/തൊഴിൽ നമ്പർ ഉത്തരവ് മുഖേനയാണ് അവസാനമായി തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്.

(സി) ഇതര മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ പ്ലാന്റേഷൻ മേഖലയിൽ നിലവിൽ ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്നും ഇത് കാലോചിതമായി പരിഷ്കരിക്കണമെന്നും ആവശ്യപ്പെട്ട് 'ടി' മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകൾ 17-1-2011-ന് നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ഒരു അവകാശ പത്രിക സമർപ്പിക്കുകയും 'ടി' വിഷയത്തിൽ ചർച്ചകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കരാറിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപുതന്നെ പുതുക്കിയ കരാർ നിലവിൽ വരത്തക്ക വിധത്തിൽ സമയബന്ധിതമായി വേതന പരിഷ്കരണ നടപടികൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

65 (1028) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അസംഘടിത മേഖലയിലെ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ക്ഷേമനിധി ഏർപ്പെടുത്തിയത് എന്ന് വിശദീകരിക്കുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ക്ഷേമനിധിയിലും നാളിതുവരെ എത്ര പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെ നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ ഏതെല്ലാം എന്നും അതിന്റെ ആസ്തി ബാധ്യത സംബന്ധിച്ച കണക്കും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകൾ നിലവിൽ വന്നിട്ടുണ്ട്. പാചകത്തൊഴിലാളികൾക്കും, ഗാർഹിക തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിച്ചു. കൂടാതെ നിലത്തെഴുത്ത്, ആശാൻ/ആശാട്ടി, ഗോൾഡ് വർക്കർ, പപ്പടം ഉണ്ടാക്കുന്നവർ, കളിമൺ പാത്രം ഉണ്ടാക്കുന്നവർ, ചക്കുകളിൽ എണ്ണയാട്ടുന്നവർ, ഓട്-ചെമ്പ് കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ, ചെരിപ്പുകുത്തികൾ, റിക്ഷാ-സൈക്കിൾ, റിക്ഷാ വലിക്കുന്നവർ, കാളവണ്ടിക്കാർ, പത്രം, കാലിച്ചാക്ക് ശേഖരിക്കുന്നവർ, കേവുവള്ളം ഊന്നുകാർ, ആനകയറ്റ തൊഴിലാളികൾ, സൈക്കിൾ റിപ്പയർ ചെയ്യുന്നവർ, പാൽ-പത്രം വിതരണം ചെയ്യുന്നവർ, തേങ്ങ വെട്ടി ഉണക്കുന്നവർ, മരംകയറ്റക്കാർ, ഇറച്ചിവെട്ടുകാർ, മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതിയുടെ പരിധിയിൽ വരാത്ത മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് കേരള അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം 2008 ആവിഷ്കരിച്ചു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ആന്റ് സിഗാർ ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ 15 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. ഇവയുടെ ആസ്തി, ബാധ്യത സംബന്ധിച്ച വിവരം ശേഖരിച്ചു നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly